പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2425 - 25/06/2012-ലെ മറുപടിക്ക്**

പുതിയ തൊഴിൽദാന സ്കീമുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. എ. ബേബി : | | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി പ്രഖ്യാപിച്ച തൊഴിൽദാന സ്കീമുകൾ ഏതൊക്കെയാണെന്നും അവയിൽ പൂർണ്ണമായും നടപ്പിലാക്കിയവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ; | കേരളത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ പ്രത്യക്ഷമായി സൃഷ്ടിക്കുവാൻ കഴിയുന്ന ബൃഹത്തായ തൊഴിൽദാന പരിപാടിയായ 'കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ' 2011-12-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. 2011-12 സാമ്പത്തികവർഷം മുതൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇത് തുടർച്ചയായ ഒരു പദ്ധതിയാണ്. ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | പുതിയ തൊഴിൽദാന സ്കീമുകൾ ഓരോന്നും നടപ്പിലാക്കുക വഴി പുതുതായി എത്ര പേർക്ക് | കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷന്റെ ആദ്യബാച്ചിലെ ട്രെയിനിംഗിന്റെ അടിസ്ഥാനത്തിൽ വായ്പക്കായി 571 സംരംഭകർ ഉൾപ്പെടുന്ന 231 സംരംഭങ്ങൾ അർഹത നേടുകയുണ്ടായി. |

| | | |
|---|---|---|
| | ജോലി ലഭിക്കുകയുണ്ടായെന്ന് സ്കീം തിരിച്ച് വെളിപ്പെടുത്തുമോ ; | സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നതേ ഉള്ളൂ. ആയതിനാൽ സംരംഭകരെ കൂടാതെ പ്രത്യക്ഷമായും പരോക്ഷമായും സംജാതമായ തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. |
| (സി) | പ്രസ്തുത സ്കീമുകൾ ഓരോന്നും നടപ്പിലാക്കുന്നതിന് ഖജനാവിൽ നിന്നും ഇതിനകം എന്ത് തുക വീതം ചെലവായിട്ടുണ്ട് ; വ്യക്തമാക്കുമോ ? | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്ന വായ്പയുടെ പലിശസബ്സിഡി ഉൾപ്പെടെയുള്ള ചിലവുകൾക്കായി ഇതുവരെ 19,89,12,500/- രൂപ സർക്കാർ ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായ കേരള ഫിനാൻഷ്യൽ കോർപ്പറേഷനു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ